പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1638 11.2.2013-ൽ മറുപടിക്ക്

## നഗരകാര്യ വികസനപദ്ധതികൾക്കുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നിബെഹനാൻ<br>,, ജോസഫ് വാഴക്കൻ<br>,, കെ. മുരളീധരൻ<br>,, വർക്കല കഹാർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് നഗര വികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | എ) നഗരവികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ നഗരങ്ങൾക്കും ദീർഘകാല പരിപ്രേക്ഷ്യത്തോടെ വികസന രൂപരേഖകൾ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| ബി) കോർപ്പറേഷനുകളുടേയും നഗരസഭകളുടേയും വികസന പ്രവർത്തനങ്ങൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശങ്ങൾ എന്തെല്ലാം; | ബി) സംസ്ഥാനത്ത് 5 കോർപ്പറേഷനുകളും, 60 നഗരസഭകളുമാണുള്ളത്. നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനായി സർക്കാർ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു. ജി.ഒ.(ആർ.ടി) നം. 3982/2008/എൽ.എസ്.ജി.ഡി തീയതി. 13/11/2008 പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി.<br><br>നഗരപ്രദേശങ്ങൾക്ക് രണ്ട് ഘട്ടങ്ങളിലായി പ്ലാനുകൾ തയ്യാറാക്കാനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. പദ്ധതിയുടെ മാർഗനിർദേശങ്ങൾ സർക്കാർ ഉത്തരവുകൾ ജി.ഒ.(ആർ.ടി) നം. 2766/2009/എൽ.എസ്.ജി.ഡി തീയതി. 24/10/2009, ജി.ഒ.(ആർ.ടി) നം. 2767/2009/എൽ.എസ്.ജി.ഡി തീയതി. 24/10/2009 എന്നിവ മുഖാന്തിരം പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 32 പട്ടണങ്ങൾക്കാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. അതത് നഗരസഭകളും നഗരാസൂത്രണ വകുപ്പും സംയുക്തമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിലുള്ള 32 പട്ടണങ്ങളിൽ 25 പട്ടണങ്ങളുടെ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. മറ്റ് പ്ലാനുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു. |

| | | | |
|---|---|---|---|
| സി) | ഇതനുസരിച്ച് കോർപ്പറേഷനുകളും നഗരസഭകളും സ്വീകരിച്ച നടപടി കൾ വിശദമാക്കുമോ? | സി) | പദ്ധതിയുടെ ജി.ഒ. (ആർ.ടി) നം. 2766/2009/എൽ.എസ്.ജി.ഡി. തീയതി: 24/10/2009 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അതത് കോർപ്പറേ ഷൻ/നഗരസഭകളും, നഗര-ഗ്രാമാസൂത്രണ വകുപ്പും സംയോജിതമായാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടത്. ഓരോ നഗര സഭയിലും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കു ന്നതിനായി ഒരു സ്പെഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി രൂപീകരിച്ച് പ്ലാൻ തയ്യാറാക്കുന്ന തിന്റെ ഭാഗമായുള്ള ലോക്കൽ ലെവൽ അനാലിസിസ് നടത്തേണ്ടത് സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി ആണ്. അതത് മുനി സിപ്പൽ ചെയർമാന്മാരാണ് ഈ സ്പെഷ്യൽ ഇൻഗ്രേഷൻ കമ്മിറ്റിയുടെ ചെയർമാൻ. മുനിസിപ്പൽ സെക്രട്ടറി കമ്മി റ്റിയുടെ കൺവീനറുമാണ്. നഗരസഭ യിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളിലെ ഓരോ അംഗത്തെ വീതം സ്പെഷ്യൽ ഇന്റ ഗ്രേഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയി ട്ടുണ്ട്. സ്പേഷ്യൽ ഇന്റഗ്രേഷൻ കമ്മിറ്റി യുടെ നേതൃത്വത്തിൽ നഗരസഭകളിലെ വർക്കിംഗ് ഗ്രൂപ്പുകളാണ് മേഖലാതല വിവ രശേഖരണവും വിശകലനവും നടത്തുന്ന ത്. ഇതുകൂടാതെ കരടു പ്ലാൻ തയ്യാറാക്കി കഴിഞ്ഞാൽ അത് പരിശോധിച്ച് അംഗീ കാരം നൽകേണ്ടതും സർക്കാർ അനുമതി യോടെ പ്രസിദ്ധീകരിച്ച് ബന്ധപ്പെട്ട ആൾക്കാരുടെ ആക്ഷേപങ്ങളും അഭിപ്രായ ങ്ങളും സ്വീകരിച്ച് ഭേദഗതികൾ നിർദ്ദേശി ക്കുന്നതും നഗരസഭകളുടെ ചുമതലയിൽ പ്പെടുന്നു. ഭേദഗതികൾ വരുത്തിയ കരടു പ്ലാനിന് സർക്കാരംഗീകാരം ലഭ്യമാക്കുന്ന തിനുള്ള തുടർ നടപടികൾക്ക് നേതൃത്വം നൽകുന്നതും അതത് നഗരസഭകളാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | ഡെവലപ്‌മെന്റ് പ്ലാനിന്റെ സ്റ്റേജ് | നഗരസഭയുടെ പേര് | | |
|---|---|---|---|---|
| I | അംഗീകരിച്ചവ | 1 | 1 | പരവൂർ (കൊല്ലം ജില്ല) |
| | | 2 | 2 | ചങ്ങനാശ്ശേരി |
| | | 3 | 3 | വൈക്കം |
| | | 4 | 4 | തലശ്ശേരി |
| II | പ്രസിദ്ധീകരിച്ചവ | 5 | 1 | മലപ്പുറം |
| | | 6 | 2 | കാസർഗോഡ് |
| | | 7 | 3 | പാല |
| | | 8 | 4 | പത്തനംതിട്ട |
| | | 9 | 5 | ഗുരുവായൂർ |
| | | 10 | 6 | കണ്ണൂർ |
| | | 11 | 7 | തൃശൂർ |
| | | 12 | 8 | കൊല്ലം |
| III | പ്രസിദ്ധീകരണാനുമതി ലഭിച്ചവ | 13 | 1 | അടൂർ |
| IV a) | കരട് പ്ലാനുകൾ പൂർത്തീകരിച്ച് അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചവ | | | |
| | | 14 | 1 | കൽപ്പറ്റ |
| | | 15 | 2 | നോർത്ത് പരവൂർ |
| b) | JTPC/മുനിസിപ്പാലിറ്റികൾക്കും സമർപ്പിച്ചവ | | | |
| | | 16 | 1 | കൊച്ചി (കൊച്ചി കോർപ്പറേഷനും തൃപ്പൂണിത്തുറ, കളമശ്ശേരി, ഏലൂർ, തൃക്കാക്കര, മരട് എന്നീ പട്ടണങ്ങളും ഉൾപ്പെടെ) |
| | | 17 | 2 | പെരുമ്പാവൂർ |
| | | 18 | 3 | തിരുവല്ല |
| | | 19 | 4 | കായംകുളം |
| | | 20 | 5 | തിരുവനന്തപുരം |
| | | 21 | 6 | പാലക്കാട് |
| | | 22 | 7 | വടകര |
| | | 23 | 8 | മൂവാറ്റുപുഴ |
| | | 24 | 9 | കോതമംഗലം |
| | | 25 | 10 | കോഴിക്കോട് |
| V | വിവര ശേഖരണം, വിശകലനം ഇവ പൂർത്തിയാക്കി കരട് പ്ലാൻ അന്തിമമാക്കിക്കൊണ്ടിരിക്കുന്നവ | | | |
| | | 26 | 1 | തൊടുപുഴ |
| | | 27 | 2 | കോട്ടയം |
| | | 28 | 3 | അങ്കമാലി |
| | | 29 | 4 | ഇടുക്കി (മരിയാപുരം & വാഴത്തോപ്പ്) |
| | | 30 | 5 | ആലപ്പുഴ |
| | | 31 | 6 | ആലുവ |
| | | 32 | 7 | നെയ്യാറ്റിൻകര |

രണ്ടാം ഘട്ടത്തിൽ 29 പട്ടണങ്ങൾക്കുകൂടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതോടെ സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങൾക്കും വികസന രൂപരേഖകൾ തയ്യാറാക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഈ സാമ്പത്തിക വർഷമാരംഭിച്ച രണ്ടാം ഘട്ടത്തിലുൾപ്പെടുത്തിയിരിക്കുന്ന പട്ടണങ്ങൾ താഴെ പറയുന്നവയാണ്.

1. ആറ്റിങ്ങൽ
2. നെടുമങ്ങാട്
3. വർക്കല
4. കരുനാഗപ്പള്ളി
5. പുനലൂർ
6. ചെങ്ങന്നൂർ
7. ചേർത്തല
8. മാവേലിക്കര
9. ചാലക്കുടി
10. ചാവക്കാട്
11. ഇരിങ്ങാലക്കുട
12. കൊടുങ്ങല്ലൂർ
13. കുന്നംകുളം
14. ചിറ്റൂർ – തത്തമംഗലം
15. ഒറ്റപ്പാലം
16. ഷൊർണൂർ
17. കോട്ടയ്ക്കൽ
18. മഞ്ചേരി
19. നിലമ്പൂർ
20. പെരിന്തൽമണ്ണ
21. പൊന്നാനി
22. തിരൂർ
23. കൊയിലാണ്ടി
24. കൂത്തുപറമ്പ്
25. മട്ടന്നൂർ
26. പയ്യന്നൂർ
27. തളിപ്പറമ്പ്
28. കാഞ്ഞങ്ങാട്
29. നീലേശ്വരം

സെക്ഷൻ ഓഫീസർ